**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.* ***105***    *04.06.2018 ലെ മറുപടിക്ക്*

## പ്രവാസി സ്വയംതൊഴിൽ വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. നൗഷാദ് | പിണറായി വിജയൻ<br>***(മുഖ്യമന്ത്രി)*** |
| (എ) നോർക്ക, ന്യൂനപക്ഷക്ഷേമം എന്നീ വകുപ്പുകൾക്ക് ജില്ലാതലത്തിൽ ഓഫീസുകൾ തുറക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണന യിലുണ്ടോ;<br><br>(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിക്കാനുദ്ദേശി-ക്കുന്ന നടപടികളുടെ വിശദാംശ-ങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) നോർക്ക് റൂട്ട്സിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ഓഫീസുകളും മറ്റ് 11 ജില്ലാ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടുതലായി ജില്ലാതലത്തിൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. |
| (സി) പ്രവാസ ജീവിതം മതിയാക്കി തിരിച്ചെത്തുന്നവർക്കായി പൊതുമേഖലാ ബാങ്കുകളുമായി സഹകരിച്ച് സർക്കാർ നടപ്പാക്കുന്ന സ്വയംതൊഴിൽ വായ്പാ പദ്ധതി ഫലപ്രദമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ഡി) ഇത് പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (സി) യും (ഡി) യും തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഈ പദ്ധതിയിൽ സ്വയം തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ ചില പ്രമുഖ |

ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാ നയങ്ങൾക്കും വിധേയമായും അപേക്ഷകന്റെ തിരിച്ചടവ് വിശ്വാസ്യത എന്നിവ പരിഗണിച്ചുമാണ്. അപേക്ഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേയ്ക്കായി ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളേയും സഹകരണ മേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളെയും കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.